ഗ്രാമീണ വൈദ്യുതീകരണം

31 [349] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ വൈദ്യുതീകരണത്തിനായി കെ.സ്.ഇ.ബി. ഏതൊക്കെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഇവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ദളിത് വിഭാഗത്തിൽപ്പെടുന്നവർക്കായി പ്രത്യേക പദ്ധതി ബോർഡ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഈ പദ്ധതികൾ എത്ര നാളിനകം നടപ്പാക്കാൻ കഴിയുമെന്നാണ് ബോർഡ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഗ്രാമീണ വൈദ്യുതീകരണ പദ്ധതികൾ എന്നത്തേയ്ക്ക് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രോജക്ട് ഇന്റൻസീവ് ഇലക്ട്രിഫിക്കേഷൻ എന്ന പദ്ധതിപ്രകാരം 49 ഡിവിഷൻ സ്കീമുകളാണുള്ളത്. 11 കെ.വി. എൽ.ടി. ലൈൻ വലിക്കൽ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, സർവ്വീസ് കണക്ഷൻ നൽകൽ എന്നിവയാണ് ഈ സ്കീമിൽ ഉൾപ്പെടുത്തി ചെയ്യുന്ന പണികൾ. ആർ.ഇ.സി.-യുടെ വായ്പാസഹായത്തോടെയാണ് ഈ പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

കേന്ദ്ര ഗവൺമെന്റിന്റെ 'ആക്സിലറേറ്റഡ് ഇലക്ട്രിഫിക്കേഷൻ ഓഫ് വൺ ലാക്ക് വില്ലേജസ് ആന്റ് വൺ ക്രോർ ഹൗസ് ഹോൾഡ്സ് 'എന്ന പദ്ധതി പ്രകാരം 348.11 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. ഈ പദ്ധതിപ്രകാരം 14 ജില്ലകളിലായി 2700 വില്ലേജുകളിൽ 12,40,000 പുതിയ കണക്ഷനുകൾ നൽകുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(ബി) ദളിത് വിഭാഗത്തിലുള്ളവർക്കായി പ്രധാനമന്ത്രിയുടെ ഗ്രാമോദയ യോജനപ്രകാരം 11.89 കോടി രൂപയുടെ വൈദ്യുതീകരണ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിലേക്കായി 5.945 കോടി രൂപ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റ് വഴി ബോർഡിന് നൽകിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം 55 കോളനികളുടെ വൈദ്യുതീകരണം ഇതുവരെ നടന്നിട്ടുണ്ട്. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണത്തിനുവേണ്ടി ഈ സാമ്പത്തികവർഷം 69 കോടി രൂപയുടെ പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കുവേണ്ടി സമർപ്പിച്ചിട്ടുണ്ട്.

(സി) ഉത്തരം 'എ '-യിൽ പറയുന്ന പ്രകാരമുള്ള ഗ്രാമീണ പദ്ധതികളുടെ അനുമതി ലഭിച്ചുകഴിഞ്ഞാൽ രണ്ടുവർഷക്കാലം കൊണ്ട് ബന്ധപ്പെട്ട പണികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly